കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

# കേരള സംഗീത നാടക അക്കാദമി പ്രൊഫഷണൽ നാടകസംഘങ്ങൾക്ക് രണ്ടുകോടി രൂപ ധനസഹായം നൽകും

## ധനസഹായത്തിന് ഏപ്രിൽ 30 വരെ അപേക്ഷിക്കാം

പ്രൊഫഷണൽ നാടകസംഘങ്ങൾക്കുള്ള രണ്ടു കോടി രൂപയുടെ ബൃഹത്തായ നൂതന പദ്ധതിയുമായി കേരള സംഗീത നാടക അക്കാദമി ഒരുങ്ങിക്കഴിഞ്ഞു. ഈ പദ്ധതിയുടെ ഭാഗമായി നാല് ലക്ഷം രൂപ വീതം ആകെ രണ്ടു കോടി രൂപയായിരിക്കും 50 പ്രൊഫഷണൽ നാടകസംഘങ്ങൾക്ക് അക്കാദമി നൽകുക. കേരളത്തിന്റെ കലാ-സാംസ്കാരിക ചരിത്രത്തിൽ പ്രൊഫഷണൽ നാടകസംഘങ്ങൾക്കായി ഇത്രയും വലിയ പദ്ധതി നടപ്പിലാക്കുന്നത് ആദ്യമായിട്ടാണെന്ന് അക്കാദമി സെക്രട്ടറി ജനാർദ്ദൻ.കെ പറഞ്ഞു. ധനസഹായത്തിന് അപേക്ഷിക്കാൻ താൽപര്യമുള്ള പ്രൊഫഷണൽ നാടകസംഘം, അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന നാടകത്തിന്റെ അഞ്ചു കോപ്പിയും മറ്റ് അനുബന്ധരേഖകളും സഹിതം അക്കാദമിയുടെ നിശ്ചിത ഫോറത്തിൽ അവതരിപ്പിക്കുന്ന സംഘത്തിന്റെ സെക്രട്ടറിയുടെ /മറ്റു ഉത്തരവാദപ്പെട്ട അധികാരികളുടെ ഒപ്പോടുകൂടി ഏപ്രിൽ 30ന് വൈകീട്ട് അഞ്ചിനകം അക്കാദമിയിൽ സമർപ്പിക്കണം. ഇതിനുമുൻപ് അവതരിപ്പിച്ച നാടകങ്ങൾ ധനസഹായത്തിനായി പരിഗണിക്കുന്നതല്ല. നാടകത്തിന്റെ അവതരണ ദൈർഘ്യം ഒന്നരമണിക്കൂറിനും രണ്ടരമണിക്കൂറിനും ഇടയിലായിരിക്കണം. ധനസഹായത്തിനായി അർഹരാകുന്ന പ്രൊഫഷണൽ നാടകസംഘങ്ങൾ, അവരുടെ തെരഞ്ഞെടുത്ത നാടകം അക്കാദമി നിർദ്ദേശിക്കുന്ന രണ്ട് വേദികളിൽ അവതരിപ്പിക്കണം. അങ്ങനെ 50 പ്രൊഫഷണൽ നാടകങ്ങളുടെ രണ്ട് അവതരണങ്ങൾ വീതം നടത്തുന്നതിന് അക്കാദമി പ്രത്യേക നാടകോത്സവം സംഘടിപ്പിക്കുകയും ചെയ്യും.

നാടകം സ്വതന്ത്രമായ രചനയല്ലാതെ മറ്റേതെങ്കിലും കൃതിയുടെയോ, ആവിഷ്കാരങ്ങളുടെയോ, അഡാപ്റ്റേഷനുകളിലൂടെയോ തയ്യാറാക്കിയതാണെങ്കിൽ, മൂലകൃതിയുടെ രചയിതാവിന്റെ/അവകാശിയുടെയോ സമ്മതപത്രം ഹാജരാക്കണം. നാടകസംഘങ്ങൾക്ക് അതിന് എന്തെങ്കിലും സാങ്കേതിക തടസ്സം നേരിടുകയാണെങ്കിൽ, പകർപ്പാവകാശം സംബന്ധിച്ച് നിയമപരമായി ഉണ്ടാകുന്ന പ്രശ്നങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം നാടകസംഘം ഏറ്റെടുക്കുന്നതാണെന്ന് കാണിച്ചുകൊണ്ടുള്ള നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും അക്കാദമിയിൽ അപേക്ഷയൊടൊപ്പം ഹാജ

രാക്കണം. പ്രതിലോമകരമായ ആശയങ്ങൾ പ്രചരിപ്പിക്കുന്ന നാടകങ്ങൾ പരിഗണിക്കില്ല.നാടകസമിതികളുടെ മുൻവർഷങ്ങളിലെ പ്രവർത്തന രേഖയും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ധനസഹായത്തിനായി അപേക്ഷിക്കുന്ന നാടകസംഘം/നാടകസമിതികൾ അക്കാദമിയിൽ രജിസ്റ്റർ ചെയ്ത പ്രൊഫഷണൽ നാടകസമിതികളായിരിക്കണമെന്ന് നിർബന്ധമില്ലെങ്കിലും രജിസ്റ്റർ ചെയ്ത സമിതികൾക്കായിരിക്കും ആദ്യപരിഗണന. ഒരു സമിതിയുടെ ഒന്നിൽ കൂടുതൽ നാടകങ്ങൾ തെരഞ്ഞെടുക്കുന്നതല്ല. തെരഞ്ഞെടുക്കപ്പെടുന്ന നാടകസംഘത്തിലെ അഭിനേതാക്കൾ ഈ പദ്ധതിയിൽ ഉൾപ്പെട്ട മറ്റ് സംഘങ്ങളിൽ അഭിനയിക്കരുത്. അപേക്ഷയൊടൊപ്പം നാടകകൃത്ത്, സംവിധായകൻ എന്നിവരുടെ ബയോഡാറ്റയും നാടകകൃത്തിന്റെ/അവകാശിയുടെ സമ്മതപത്രവും സംവിധായകക്കുറിപ്പും ഉണ്ടായിരിക്കണം. കൂടാതെ തെരഞ്ഞെടുക്കപ്പെടുന്ന നാടകസംഘങ്ങൾ കലാസമിതിയുടെയും അഭിനേതാക്കളുടെയും സാങ്കേതികപ്രവർത്തകരുടെയും പിന്നണി പ്രവർത്തകരുടെയും വിശദാംശങ്ങളും നൽകണം. സ്ക്രിപ്റ്റ് അവതരണത്തിനായി തെരഞ്ഞെടുക്കുകയാണെങ്കിൽ നാടകം നിർമ്മിക്കുന്നതിനുള്ള ചെലവുകൾക്ക് ഒരു ലക്ഷം രൂപ മുൻകൂറായി അനുവദിക്കും. അവശേഷിക്കുന്ന തുക ഘട്ടം ഘട്ടമായിട്ടായിരിക്കും അനുവദിക്കുക. ധനസഹായത്തിനായി സംഘം അക്കാദമിയിൽ സമർപ്പിക്കുന്ന സ്ക്രിപ്റ്റോ അനുബന്ധരേഖകളോ തിരികെ നൽകുന്നതല്ല. അപേക്ഷ ഫോറത്തിനും വിശദവിവരങ്ങൾക്കും അക്കാദമി വെബ്സൈറ്റായ http://www.keralasangeethanatakaakademi.in സന്ദർശിക്കുക. അപേക്ഷ സമർപ്പിക്കേണ്ട വിലാസം - സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, ചെമ്പൂക്കാവ്, തൃശ്ശൂർ-20. ഫോൺ-0487 2332134,2332548.

സെക്രട്ടറി